(ബി) എവിടെയെല്ലാം വച്ചാണ് ഇത്തരം സംഗമങ്ങളും ചർച്ചകളും നടത്തിയത്; അതിനുവേണ്ടി എന്ത് ചെലവ് വന്നു ;

(സി) പ്രസ്തുത ചർച്ചകളുടേയും സംഗമങ്ങളുടെയും ഫലമായി സംസ്ഥാനത്ത് എത്ര പുതിയ വ്യവസായങ്ങൾ സ്ഥാപിക്കപ്പെട്ടു; അവയിലൂടെയുള്ള നിക്ഷേപം എത്രയാണ് ?

ഉത്തരം

(എ) വ്യവസായ വകുപ്പുമന്ത്രി ഇത്തരത്തിലുള്ള സംഗമങ്ങളും ചർച്ചകളും നടത്തിയിട്ടുണ്ട്.

(ബി) കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നിവയുടെ ആഭിമുഖ്യത്തിലാണ് പ്രസ്തുത സംഗമങ്ങളും ചർച്ചകളും നടത്തിയത്. വിശദവിവരം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്.*

(സി) വിവിധ മേഖലകളിലെ നിക്ഷേപ പദ്ധതികളെപ്പറ്റി നടത്തിയ ചർച്ചകളുടെ തുടർനടപടികൾ നടന്നു വരികയാണ്. അന്തിമ തീരുമാനമായാൽ മാത്രമേ നിക്ഷേപത്തെക്കുറിച്ച് വ്യക്തമായ വിവരം ലഭിക്കുകയുള്ളൂ.

കേന്ദ്ര മന്ത്രിമാരുടെയും കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരുടെയും സന്ദർശനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് ചെലവായ തുക

62(1314) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്രമന്ത്രിമാരുടെയും കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരുടെയും സന്ദർശനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര മന്ത്രിമാരുടെയും കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥരുടെയും സന്ദർശനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് 1,97,63,825 രൂപ ചെലവായിട്ടുണ്ട്.

വ്യാജ സർക്കാർ ഉത്തരവുകൾ

63(1315) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ സർക്കാർ ഉത്തരവുകൾ ഇറങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ഉത്തരവുകൾ സൃഷ്ടിക്കുന്ന പ്രത്യേക സംഘങ്ങൾ സെക്രട്ടേറിയറ്റും ജില്ലാ കളക്ടറേറ്റുകളും കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഇ-ഗവേണൻസ് പദ്ധതിയുടെ പുരോഗതി

64(1316) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് പദ്ധതിക്കായി കഴിഞ്ഞ നാലു വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സഹായത്തിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിലെ പുരോഗതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധം A ആയി ചേർത്തിരിക്കുന്നു.*

(ബി&സി) ഉണ്ട്. വിശദാംശം അനുബന്ധം B ആയി ചേർത്തിരിക്കുന്നു.*

നിയമനത്തട്ടിപ്പ്

65(1318) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയമനത്തട്ടിപ്പിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ 10 വർഷം നടന്ന എല്ലാ നിയമനങ്ങളെ സംബന്ധിച്ചും പരിശോധിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ നേതൃത്വത്തിൽ സെൽ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇതിനായി കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേരെ നിയോഗിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) വയനാട് ജില്ലയിൽ കണ്ടെത്തിയ തട്ടിപ്പിനെത്തുടർന്ന് മറ്റു പല ജില്ലകളിലും തട്ടിപ്പു നടന്നതായ പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly